©
കേരള സർക്കാർ
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| **വാല്യം 10**<br>Vol. X | **തിരുവനന്തപുരം, ശനി**<br>Thiruvananthapuram, Saturday | **2021 ജൂലൈ 03**<br>03rd July 2021<br>**1196 മിഥുനം 19**<br>19th Mithunam 1196<br>**1943 ആഷാഢം 12**<br>12th Ashadha 1943 | **നമ്പർ**<br>No. **1959** |

**കേരള സർക്കാർ**

നിയമ (നിയമ നിർമ്മാണ-സി) വകുപ്പ്

വിജ്ഞാപനം

നമ്പർ 22994/ലെഗ്.സി2/2018/നിയമം.

*തിരുവനന്തപുരം, 2021 ജൂലൈ 2*
*1196 മിഥുനം 18*
*1943 ആഷാഢം 11.*

2021 ജൂലൈ 1-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയ താഴെപ്പറയുന്ന ഓർഡിനൻസ് പൊതുജനങ്ങളുടെ അറിവിലേക്കായി ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

സാദിഖ് എം. കെ.,
*സ്പെഷ്യൽ സെക്രട്ടറി (നിയമം).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## 2021-ലെ 77-ാം നമ്പർ ഓർഡിനൻസ്

## 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയത്.

2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ്
തൊഴിലാളി ക്ഷേമനിധി ആക്റ്റ് വീണ്ടും
ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ഓർഡിനൻസ്

പീഠിക.—2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 41) 2021 ഫെബ്രുവരി 23-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തിയിരുന്നതിനാലും;

2021 മേയ് 24-ാം തീയതി ആരംഭിച്ച് 2021 ജൂൺ 10-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനകാലത്ത് പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിയാതിരുന്നതിനാലും;

ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (എ) ഉപഖണ്ഡ പ്രകാരം പ്രസ്തുത ഓർഡിനൻസിന് 2021 ജൂലൈ 5-ാം തീയതി പ്രാബല്യമില്ലാതായിത്തീരുമെന്നതിനാലും;

പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്താതിരിക്കുന്ന പക്ഷം വൈഷമ്യങ്ങൾ ഉണ്ടാകുമെന്നതിനാലും;

കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാത്തതിനാലും താൻ സത്വര നടപടിയെടുക്കേണ്ടത് ആവശ്യമാകുന്ന സാഹചര്യങ്ങൾ നിലവിലുണ്ടെന്ന് കേരള ഗവർണ്ണർക്ക് ബോദ്ധ്യമായിരിക്കുന്നതിനാലും;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഇപ്പോൾ, അതിനാൽ, ഭാരതത്തിന്റെ ഭരണഘടനയുടെ 213-ാം അനുച്ഛേദം (1)-ാം ഖണ്ഡപ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള ഗവർണ്ണർ താഴെപ്പറയുന്ന ഓർഡിനൻസ് വിളംബരപ്പെടുത്തുന്നു:—

1. <u>ചുരുക്കപ്പേരും പ്രാരംഭവും</u>.—(1) ഈ ഓർഡിനൻസിന് 2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് എന്ന് പേര് പറയാം.

(2) ഇത് 2021 ഫെബ്രുവരി 24-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. <u>2006-ലെ 24-ാം ആക്റ്റ് താൽക്കാലികമായി ഭേദഗതി ചെയ്യപ്പെടേണ്ടതാണ്</u>.—ഈ ഓർഡിനൻസ് നിലവിലിരിക്കുന്ന കാലത്ത് 2006-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി ആക്റ്റ് (2006-ലെ 24) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 3-ാം വകുപ്പിൽ വ്യക്തമാക്കിയിരിക്കുന്ന ഭേദഗതികൾക്ക് വിധേയമായി പ്രാബല്യമുണ്ടായിരിക്കുന്നതാണ്.

3. <u>4-ാം വകുപ്പിന്റെ ഭേദഗതി</u>.—പ്രധാന ആക്റ്റിലെ 4-ാം വകുപ്പിന്റെ (6)-ാം ഉപവകുപ്പിൽ, "(1) ഉം (2) ഉം" എന്ന അക്കങ്ങൾക്കും ബ്രായ്ക്കറ്റുകൾക്കും വാക്കുകൾക്കും ശേഷം "(3) ഉം" എന്ന അക്കവും ബ്രായ്ക്കറ്റുകളും വാക്കും ചേർക്കേണ്ടതാണ്.

4. <u>റദ്ദാക്കലും ഒഴിവാക്കലും</u>.—2021-ലെ കേരള ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് (2021-ലെ 41) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ, എടുത്ത ഏതെങ്കിലും നടപടിയോ ഈ ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

ആരിഫ് മുഹമ്മദ് ഖാൻ,

*ഗവർണ്ണർ.*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

# GOVERNMENT OF KERALA

## Law (Legislation-C) Department

NOTIFICATION

No. 22994/Leg. C2/2018/Law. *Dated, Thiruvananthapuram, 2nd July, 2021*
*18th Mithunam, 1196*
*11th Ashadha, 1943.*

In pursuance of clause (3) of Article 348 of the Constitution of India, the Governor of Kerala is pleased to authorise the publication in the Gazette of the following translation in English language of the Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Ordinance, 2021(77 of 2021).

By order of the Governor,

SADIQUE M. K.,
*Special Secretary (Law).*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

[Translation in English of “2021-ലെ കേരള ഷോപ്സ് ആൻറ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് തൊഴിലാളി ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ്” published under the authority of the Governor.]

# ORDINANCE No. 77 OF 2021

## THE KERALA SHOPS AND COMMERCIAL ESTABLISHMENTS WORKERS' WELFARE FUND (AMENDMENT) ORDINANCE, 2021

Promulgated by the Governor of Kerala in the Seventy-second Year of the Republic of India.

*AN*

*ORDINANCE*

*further to amend the Kerala Shops and Commercial Establishments Workers' Welfare Fund Act, 2006.*

*Preamble.*—WHEREAS, the Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Ordinance, 2021 (41 of 2021)was promulgated by the Governor of Kerala on the 23rd day of February, 2021;

AND WHEREAS, a Bill to replace the said Ordinance by an Act of the State Legislature could not be introduced in, and passed by, the Legislative Assembly of the State of Kerala, during its session which commenced on the 24th day of May, 2021 and ended on the 10th day of June, 2021;

AND WHEREAS, under sub-clause (a) of clause (2) of Article 213 of the Constitution of India the said Ordinance will cease to operate on the 5th day of July, 2021;

AND WHEREAS, difficulties will arise if the provisions of the said Ordinance are not kept alive;

AND WHEREAS, the Legislative Assembly of the State of Kerala is not in session, and the Governor of Kerala is satisfied that circumstances exist which render it necessary for him to take immediate action;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

NOW, THEREFORE, in exercise of the powers conferred by clause (1) of Article 213 of the Constitution of India, the Governor of Kerala is pleased to promulgate the following Ordinance:—

1. *Short title and commencement*.—(1) This Ordinance may be called the Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Ordinance, 2021.

(2) It shall be deemed to have come into force on the 24th day of February, 2021.

2. *Act 24 of 2006 to be temporarily amended*.—During the period of operation of this Ordinance, the Kerala Shops and Commercial Establishments Workers' Welfare Fund Act, 2006 (24 of 2006) (hereinafter referred to as the principal Act) shall have effect subject to the amendment specified in section 3.

*3. Amendment of section 4*.—In sub-section (6) of section 4 of the principal Act, for the figures, brackets and word, "(1) and (2)" the figures, brackets, symbol and word "(1), (2) and (3)" shall be substituted.

4. *Repeal and saving.*—(1) The Kerala Shops and Commercial Establishments Workers' Welfare Fund (Amendment) Ordinance, 2021 (41 of 2021) is hereby repealed.

(2) Notwithstanding such repeal, anything done or any action taken under the principal Act as amended by the said Ordinance shall be deemed to have been done or taken under the principal Act as amended by this Ordinance.

ARIF MOHAMMED KHAN,
*GOVERNOR.*

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2021.07.03 04:59:33 +05:30